No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം
# KEAM-2019
## എം.ബി.ബി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള
## കേന്ദ്രീകൃത അലോട്ട്മെന്റ്
## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

സംസ്ഥാനത്തെ എം.ബി.ബി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അടുത്ത ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **09.08.2019** ന് ആരംഭിച്ചു. ഈ ഘട്ടത്തിൽ ബി.ഡി.എസ് കോഴ്സിലും മറ്റ് മെഡിക്കൽ കോഴ്സുകളായ ആയൂർവേദ (**BAMS**), ഹോമിയോപ്പതി (**BHMS**) സിദ്ധ,യുനാനി എന്നിവയിലും അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിലും നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതാണ്. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലെ ആയൂർവേദ കോഴ്സിലേയ്ക്കും അലോട്ട്മെന്റ് നടത്തുന്നതായിരിക്കും.

അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾ നിർബന്ധമായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരിക്കണം. എം.ബി.ബി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ ഓൺലൈൻ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്.

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ആയൂർവേദ കോഴ്സിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുമുള്ള സൗകര്യം വെബ്സൈറ്റിൽ **09.08.2019** (വെള്ളിയാഴ്ച) മുതൽ **15.08.2019** (വ്യാഴാഴ്ച) രാവിലെ **10.00** മണിവരെ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എം.ബി.ബി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് **16.08.2019** ന് പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **17.08.2019** മുതൽ **21.08.2019** വരെ തീയതികളിൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **21.08.2019 വൈകുന്നേരം 5.00 മണി**യ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാൻ സൗകര്യമുള്ള ഹെഡ് പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മുൻ ഘട്ട അലോട്ട്മെന്റ് സ്വീകരിക്കാത്തവരുടെയും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങിയവരുടെയും മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ നിലവിലുണ്ടായിരുന്ന ഹയർ ഓപ്ഷനുകൾ പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരം റദ്ദായിട്ടുണ്ട്. മോപ്–അപ് കൗൺസലിംഗിലൂടെ എം.ബി.ബി.എസ് കോഴ്സിന് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെയും ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതാണ്. അവരെയും ഈ അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. കൂടാതെ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ അഖിലേന്ത്യാ ക്വാട്ടയിൽ പ്രവേശനം നേടിയിരിക്കുന്നവരുടേതായി മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റി നൽകിയിട്ടുള്ള പട്ടികയിലുള്ള വിദ്യാർത്ഥികളെയും സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**അലോട്ട്മെന്റ് ഷെഡ്യൂൾ:**

| | |
|---|---|
| 09.08.2019 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്ക്/കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |

| | |
|---|---|
| **15.08.2019 (10.00 am)** | **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു.** |
| **16.08.2019** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 17.08.2019 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് വഴിയോ, ഓൺലൈനായോ ഫീസ്/ബാക്കി തുക(ബാധകമെങ്കിൽ) ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 21.08.2019 | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്. മുൻപ് അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഈ അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. നിശ്ചിത സമയത്തിനകം മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.**

ആയുർവേദ കോഴ്സിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്താതിരുന്ന താഴെ പറയുന്ന കോളേജുകളിലേയ്ക്ക് (കഴിഞ്ഞ ഘട്ടത്തിൽ രജിസ്ട്രേഷൻ നടത്താത്തവർ) വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

| Sl No | College Code | Name of College | Tuition Fees 85% seats |
|---|---|---|---|
| **1** | **AHA** | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad | **Rs. 1,99,415/-** |
| **2** | **SGA** | Santhigiri Ayurveda Medical College, Olassery P O, kodumbu via, Palakkad | **Rs. 1,99,415/-** |
| **3** | **PRK** | MVR Aurveda Medical College, Parasini Kadavu.P.O, Kannur-670563 | **Rs. 1,99,415/-** |
| **4** | **OLR** | Vaidyaretnam Ayurveda College, Thaikkattussery, Ollur **(Aided College)** | **Rs. 12,000/-** |

**കുറിപ്പ്:**

1) ***അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ/നിലനിർത്താൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***
2) ***വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 14.08.2019 ന് വൈകുന്നേരം 5.00 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.***

**പ്രത്യേക ശ്രദ്ധയ്ക്ക്:–**

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ അഡ്മിഷൻ ലഭിച്ചവർക്ക് മെഡിക്കൽ അനുബന്ധ കോഴ്സിലേയ്ക്കുള്ള ഈ ഘട്ടത്തിലെ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർ പ്രോസ്പെക്ടസ് ക്ലോസ് 12.2.3 അനുസരിച്ച് മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ.

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികൾ ടോക്കൺ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതില്ല. അവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്.

21.08.2019 നു ശേഷം ബി.ഡി.എസ് കോഴ്സിൽ വരുന്ന ഒഴിവുകൾ മോപ്-അപ് കൗൺസിലിംഗിലൂടെ നികത്തുന്നതായിരിക്കും. അതിന് പിന്നീട് വിജ്ഞാപനം നൽകുന്നതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in, www.cee-kerala.org **എന്നീ വെബ്സൈറ്റുകളിൽ** ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

Sd/-

തിരുവനന്തപുരം
09.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**